കോർപ്പറേഷനുകൾ

*42 (149) ശ്രീ. ഇ. ബാലാനന്ദൻ,
,, കെ. ചാത്തുണ്ണി മാസ്റ്റർ,
,, എ. എസ്. എൻ. നമ്പീശൻ,
,, സി. കെ. ബാലകൃഷ്ണൻ,
,, എൻ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗവൺമെൻറിന്റെ ഉദ്യമം മൂലം രൂപീകൃതമായ എത്ര കോർപ്പറേഷനുകൾ നിലവിലുണ്ട്;

(ബി) അവ ഏതെല്ലാം;

(സി) ഇവയിലോരോന്നിലും നടക്കുന്ന നിയമനങ്ങൾ പി. എസ്. സി. ക്ക് വിട്ടു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം കോർപ്പറേഷനുകളുടെ:

(ഇ) ബാക്കിയുള്ളവ പി.എസ്.സി.ക്കു വിടാൻ കാലതാമസമെന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) നാലിനം വ്യവസ്ഥാപിത കോർപ്പറേഷനുകൾ നിലവിലുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി&ഡി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ നിയമനങ്ങൾ 1964-ലെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ആക്ടനുസരിച്ചും കേരളാ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഓർഡിനൻസ് അനുസരിച്ചും പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുണ്ട്. ബാക്കിയുള്ളവയിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊടുക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടാതെയുള്ള കോർപ്പറേഷനുകളിലെ നിയമനങ്ങൾ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം അഡ്ഹോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ മാത്രം എത്ര നിയമനം നടത്തിയെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: പ്രത്യേകമായ ചോദ്യം ചോദിച്ചാലെ പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈകോർപ്പറേഷനുകളിലെ എല്ലാം നിയമനം പി.എസ്.സി. ക്ക് വിടണമെന്ന തീരുമാനം മുൻ ഗവൺമെൻറിന്റെ കാലത്തുതന്നെ ഉണ്ടായതല്ലേ? എന്നാൽ ഒരു കോർപ്പറേഷൻ, അഡ്ഹോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പി.എസ്.സി.ക്ക് വിടുന്നതിന് ഉണ്ടായ കാലതാമസത്തിന് എന്തു ന്യായീകരണമുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: സർ, മുൻ ഗവൺമെൻറ് തീരുമാനിച്ചതായി അറിയാം. പക്ഷേ നടപടി എടുത്തിരുന്നതായി രേഖകളിൽ കാണുന്നില്ല. ഈ ഗവൺമെൻറ് വന്നതിനു ശേഷമാണ് അതിന് ആവശ്യമായ നടപടി

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

എടുത്തത്. മറ്റു കോർപ്പറേഷനുകളിലെയും നിയമനം വിടുന്നതിന പ്രത്യേകമായ നിഗമനമൊന്നും ആ കാര്യത്തിൽ ഇല്ല. പി.എസ്.സി. ക്ക് വിടുന്നതിന് ഉള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിനി ടയിൽത്തന്നെ കോർപ്പറേഷനുകളിലും കമ്പനികളിലും നിയമനം നടത്തുവാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് ഗവൺമെൻറ് നിർദ്ദേശം നൽകുന്നുണ്ട്. അത്യാവശ്യമായി ഏതെങ്കിലും കോർപ്പറേഷനുകളിൽ ഇടക്കാലത്ത് നിയമനം നടത്തിയാൽത്തന്നെ പി.എസ.സി. യുടെ കാൻഡിഡേറ്റ് വരുന്നതുവരെ ആ നിയമനം നിലനിൽക്കുകയുള്ളൂവെന്നു കാണിച്ച് ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : മുൻ ഗവൺമെൻറ് തീരുമാനിച്ചതാണെന്ന് ആധികാരികമായി പറയുമ്പോൾ അതിന്റെ ഉത്തരവാദിത്വം ബഹുമാനപ്പെട്ട മെമ്പർ ഏറ്റെടുക്കേണ്ടതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മുൻ ഗവൺമെൻറിന്റെ കാലം മുതൽ പറഞ്ഞുവന്നതാണ്.

ശ്രീ. ടി. എ. മജീദ് : കഴിഞ്ഞ പത്തു മുപ്പതു മാസക്കാലമായി പി.എസ്.സി.യെ മറന്നു പോയിരുന്ന ആളുകൾ നിയമനങ്ങളെല്ലാം അടിയന്തിരമായി പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടണമെന്നു പറഞ്ഞ സ്ഥിതിയ്ക്ക് കഴിയും വേഗം എല്ലാ കോർപ്പറേഷൻസുകളിലെ നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിടുവാനുള്ള നടപടി എടുക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ആ നടപടികൾ മിക്കവാറും പൂർത്തിയായിരിക്കുകയാണ്. ഉടനെ തന്നെ വിട്ടുകൊടുക്കുന്നതിന് നടപടി എടുക്കും.

ശ്രീ. ഇ. ബാലാനന്ദൻ: പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടാത്ത രണ്ടു കോർപ്പറേഷനുകൾ എത്ര നാളിനുള്ളിൽ വിടുമെന്നു പറയുവാൻ ഭയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഈ നടപടികൾ പൂർത്തിയാകും വരെ കോർപ്പറേഷനിൽ നിയമനം നടത്താൻ പാടില്ലെന്നും നടത്തിയാൽത്തന്നെ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നോമിനി വരുമ്പോൾ അവർ പുറത്തു പോകുമെന്നും ഗവൺമെൻറ് ഉത്തരവ് നൽകുന്നുണ്ട്.

Obituary Reference

9 A. M.

മി. സ്പീക്കർ: ആർഡർ, ആർഡർ. രാജ്യസഭാംഗമായിരുന്ന ശ്രീ. തഴവാ കേശവനും തിരുവിതാംകൂർ—കൊച്ചി നിയമസഭാംഗമായിരുന്ന ശ്രീ എം.ചിദംബരനാഥനാടാരും നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

നിറപ്പകിട്ടാർന്ന വ്യക്തിത്വം കൊണ്ട് കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഒരു മഹാനെയാണ് ശ്രീ. തഴവാ കേശവന്റെ നിര്യാണം മൂലം നമുക്കു നഷ്ടമായിരിക്കുന്നത്. ആത്മാർത്ഥതയും നിഷ്കളങ്കതയും അദ്ദേഹത്തിന്റെ ഗുണവിശേഷങ്ങളായിരുന്നു. പണ്ഡിതനായ നിയമജ്ഞൻ, നിസ്വാർത്ഥനായ സാമൂഹ്യപ്രവർത്തകൻ, ആദർശധീരനായ രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ അദ്ദേഹം ഏവർക്കും പ്രിയംകരനായിരുന്നു. അവശ വിഭാഗങ്ങളുടെ ഒരുത്തമ സുഹൃത്തായിരുന്ന അദ്ദേഹം അനീതിയെ നിശിതമായി

LIBRARY ARCHIVES Kerala Legislative Assembly